പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2956 — 17.10.2016 ൽ മറുപടിയ്ക്ക്

ചിറ്റൂരിലെ സപ്ലൈകോ ഗോഡൗണും മാവേലി സ്റ്റോറുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ചിറ്റൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വന്നിരുന്ന കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗൺ എന്നുമുതലാണ് പ്രവർത്തനം അവസാനിപ്പിച്ചത്; അതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;<br><br>(ബി) ചിറ്റൂർ കേന്ദ്രീകരിച്ച് സപ്ലൈകോ ഗോഡൗൺ പ്രവർത്തനം പുനരാരംഭിക്കാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും ചിറ്റൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗണിന്റെ പ്രവർത്തനം നിലവിലും തുടർന്നുവരുന്നുണ്ട്. പ്രസ്തുത ഗോഡൗണിൽ നിന്നും റേഷൻ കടകൾക്കുള്ള ആട്ടയും, പഞ്ചസാരയും, സ്കൂളുകൾക്ക് ഉച്ചക്കഞ്ഞിയ്ക്കുള്ള അരിയും നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. |
| (സി) ചിറ്റൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. ചിറ്റൂർ നിയോജക മണ്ഡലത്തിലെ പട്ടഞ്ചേരി, എരുത്തേമ്പതി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തേയ്ക്ക് 500 ച. അടിയുള്ള വാടക രഹിത കെട്ടിടവും , കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും, ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും , രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടക രഹിത കെട്ടിടവും , കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതും പ്രതിമാസ പ്രതീക്ഷിത വിറ്റുവരവ് കുറഞ്ഞത് 4 ലക്ഷം രൂപയും ആയിരിക്കണം . |

സെക്ഷൻ ഓഫീസർ